# സഭാ പഞ്ചാംഗം – വേദവായനക്രമം
## (CHURCH CALENDAR - LECTIONARY)

സഭയുടെ ക്രമീകൃതമായ വിശ്വാസജീവിതത്തെ പ്രതിഫലിപ്പിക്കുന്ന ഘടകങ്ങളാണ് ആരാധനാക്രമങ്ങളും സഭാപഞ്ചാംഗവും. ഒരു സഭയുടെ രൂപവും ഭാവവും വിശ്വാസവും രീതികളും വ്യക്തിത്വവും അവ നമുക്ക് കാണിച്ചുതരുന്നു. 'ഇവർ എല്ലാം ഗലീലക്കാരല്ലയോ' എന്ന് ശിഷ്യരെ നോക്കി ജനം പറഞ്ഞതുപോലെ ഇവ ഓരോ സഭയുടെ തനിമ വെളിവാക്കിത്തരുന്നു. സ്വയം മനസ്സിലാക്കാനും മറ്റുള്ളവർക്ക് തങ്ങളുടെ സ്വയത്തിന്റെ ഉൺമ വെളിവാക്കി കൊടുപ്പാനും ശിക്ഷണത്തിൽ അത് തലമുറകളായി പരിപാലിക്കപ്പെടുന്നതിനും ഏർപ്പെടുത്തിയിരിക്കുന്ന അളവുകോലും തൂക്കുകട്ടയുമാണ് സഭാ പഞ്ചാംഗം. സഭ ഒന്നായി വായിക്കുകയും പഠിക്കുകയും വിശ്വാസം ഏറ്റുപറയുകയും ഒരു കൗദാശികാനുഭവത്തിൽ (കൃപ) കർത്താവിനോടു ചേർന്ന് വളരുകയും ചെയ്യുന്ന ഭാഗ്യകരമായ അനുഭവത്തിന് സഹായിക്കുന്ന ഘടകമാണ് Lectionary അഥവാ വേദവായന ക്രമം.

നമ്മുടെ വാഴ്ത്തപ്പെട്ട കർത്താവിന്റെ ഇഹലോക ജീവിതത്തോട് ബന്ധിപ്പിച്ച് വത്സരം മുഴുവൻ ദൈവ വചനത്തോടും അതിൽ അധിഷ്ഠിതമായ ആരാധനയോടും ചേർന്ന് പുനരുത്ഥാനത്തിന്റെ സന്ദേശവാഹകരായി സഭാംഗങ്ങളെ ഒരുക്കുന്ന ഒരു വലിയ ശുശ്രൂഷയാണ് സഭ നിർവ്വഹിക്കുന്നത്. സുവിശേഷം ഭവനത്തിൽ ആരംഭിക്കുന്നു. പ്രാദേശിക ഇടവക ഒരു സുവിശേഷവയൽ പ്രദേശമായി കണ്ട് തലമുറകളെ വിശ്വാസത്തിലും പ്രവൃത്തിയിലും ഉറപ്പിക്കുന്ന വാർഷിക പദ്ധതിയാണിത്.

സഭാ വർഷം ആരംഭിക്കുന്നത് തിരുവവതാരത്തോടു ചേർന്നുള്ള സംഭവങ്ങൾ വിവരിച്ചുകൊണ്ടാണ്. സഭയുടെ ശുദ്ധീകരണം എന്ന പെരുനാളിന് ശേഷം ഏഴ് ആഴ്ചവട്ടം സെഖര്യാവ്, യോസഫ്, കന്യക മറിയം തുടങ്ങിയവരിലൂടെ ലഭിക്കുന്ന മംഗള വാർത്തകളും അവയുടെ പൂർത്തീകരണവുമായ ക്രിസ്തു ജനനം, അവിടുത്തെ ദേവാലയ പ്രവേശനം, സ്നാനം (ദനഹാ), പ്രധാന പഠിപ്പിക്കലുകൾ, തുടർന്ന് തേജസ്കരണം, പീഡാനുഭവം, മരണം, ഉയിർപ്പ്, സ്വർഗ്ഗാരോഹണം, തുടങ്ങി കർത്താവിന്റെ ജീവിതത്തോടു ബന്ധപ്പെട്ട അത്ഭുതകാര്യങ്ങളെ സഭ നിഷ്ഠയോടുകൂടി പഠിക്കുകയും ആചരിക്കുകയും ചെയ്യുന്നു. പെന്തിക്കുസ്തി പെരുന്നാളിനോടു ചേർന്ന് ഇരുപത്തിരണ്ട് / ഇരുപത്തിനാല് ഞായറാഴ്ചകൾ പരിശുദ്ധാത്മ ഫലം, വരങ്ങൾ, ദാനം, നിയോഗം, പരിശുദ്ധ ത്രിത്വം തുടങ്ങിയ അടിസ്ഥാന വിശ്വാസങ്ങളും, സഭകളുടെ ഐക്യം, സാമൂഹിക പ്രതിബദ്ധത, സുവിശേഷ ദൗത്യം, സാക്ഷ്യം പ്രകൃതിയോടുള്ള ഏകത, ഇവയെല്ലാം സമജ്ഞസമായി ചേർത്ത് ചിട്ടയോടും നിഷ്ടയോടും കൂടി മഹത്വ പ്രത്യക്ഷതയ്ക്കായി നോക്കിപ്പാർക്കുന്ന ഒരു വിശ്വാസ സമൂഹമായി നിലകൊള്ളുന്നതിന് സഭാംഗങ്ങളെ ഒരുക്കുകയും ചെയ്യുന്നു. പൗരസ്ത്യസഭയിൽ നോമ്പ് അനുതാപത്തിന്റെയും രൂപാന്തരത്തിന്റെയും ദൈവാനുഭവത്തിന്റെയും നാളുകളാണ്. ശരീരം, മനസ്സ്, ആത്മാവ് ഇവ സൃഷ്ടിതാവുമായുള്ള ബന്ധത്തിൽ അനുരഞ്ജനപ്പെടുന്നതിനും ആരോഗ്യകരമായ ആളത്വത്തിൽ മുന്നേറുന്നതിനും സഹായകമാകുന്നു.

ദൈവവചനം കാലത്തിനനുസരിച്ച് പരിശുദ്ധാത്മ കൃപയിലും നിറവിലും ജനങ്ങൾക്ക് വിഭാഗിച്ച് കൊടുക്കുക എന്നത് വചനത്തിന്റെ കലവറക്കാരായ സഭയുടെ കടമയും കർത്തവ്യവുമാകുന്നു. ദനഹാ, വചനിപ്പ് പെരുനാൾ (മാർച്ച് 25) മറുരൂപ പെരുനാൾ, സ്വർഗ്ഗാരോഹണം തുടങ്ങിയ ദിനങ്ങൾ ആഴ്ചകൾക്കിടയിൽ വരുന്നതുകൊണ്ട് പ്രത്യേക ആരാധന ക്രമീകരിക്കാൻ കഴിയാതെ വരുന്നു. തുടർന്നു വരുന്ന ഞായറാഴ്ച ആരാധനയോടു ചേർന്ന് അവ പരസ്യപ്പെടുത്തുകയും അതിന് അനുയോജ്യമായ വിധത്തിൽ പ്രസംഗം, പ്രബോധനം, ഇവ നൽകുകയും ചെയ്യുന്നത് അഭിലഷണീയമാണ്.

CSI, CNI, Mar Thoma സഭകൾ ചേർന്നുള്ള Communion of Churches in India യുടെ ചുമതലയിലുള്ള Commission on Worship and Mission ന്റെ ആഭിമുഖ്യത്തിൽ തയ്യാറാക്കിയിട്ടുള്ളതാണ് ഈ ഐക്യ വേദവായനക്രമം (Common Lectionary), പൗരസ്ത്യവും പാശ്ചാത്യവുമായ ആരാധനാ പാരമ്പര്യങ്ങളിൽ നിന്നുകൊണ്ട് ക്രമീകരിച്ച ഈ പൊതുവായനാക്രമം ഭാരതത്തിൽ പൂർണ്ണസംസർഗ്ഗത്തിലുള്ള മൂന്ന് സഭകളുടെ ഐക്യത്തിന്റെയും കൂട്ടായ്മയുടെയും പ്രതീകമാണ്.

മൂന്ന് വർഷത്തേക്ക് ഉപയോഗിക്കത്തക്ക വായനാവൃത്തമായിട്ടാണ് (3 Year Reading Cycle) വേദവായനകൾ ക്രമീകരിച്ചിരിക്കുന്നത്. 2003 – ലെ വേദവായനകൾ ചെറിയ ഭേദഗതികളോടെ ഈ വർഷം ആവർത്തിച്ചിരിക്കുകയാണ്.

സഭാ ചരിത്ര വിജ്ഞാനികൾക്ക് അത്ഭുതകരമാണ് ഈ കൂട്ടായ്മ ബന്ധം. 50 ലക്ഷത്തിലധികം ജനങ്ങൾ ഒരേ വേദഭാഗം വായിച്ചു ധ്യാനിക്കുന്നത് ക്രിസ്തുവിലുള്ള ഐക്യത്തിന്റെയും പരിശുദ്ധാത്മാവിലുള്ള വളർച്ചയുടെയും ലക്ഷണമായി കണ്ട് വിശാലമായ ഐക്യത്തിലേക്ക് ഇനിയും സഭകളെ നയിക്കണമേ എന്ന് പ്രാർത്ഥിക്കാം.

ഞായറാഴ്ച ആരാധനയിൽ നിർദ്ദേശിക്കപ്പെട്ട വായനയോടും ചിന്താവിഷയത്തോടും ബന്ധപ്പെടുത്തി ക്രിസ്തീയ കീർത്തനത്തിൽ നിന്ന് ഒരു പാട്ടു കൂടെ നിർദ്ദേശിച്ചിരിക്കുന്നത് പാടുന്നതിന് വികാരിയച്ചന്മാർ ശ്രദ്ധിക്കുമല്ലോ.

എന്നോടൊപ്പം ഈ വർഷത്തെ വേദവായനക്രമം ക്രമീകരിക്കുന്നതിന് സഹായിച്ചത് ദിവ്യ ശ്രീമാന്മാരായ ഡോ. ജോർജ്ജ് മാത്യു (കൺവീനർ), ഡോ. സി. കെ. മാത്യു, സഖറിയാ ജോൺ, സജു സി. പാപ്പച്ചൻ എന്നീ കശ്ശീശമാരാണ്. സജീവമായ ആരാധനയ്ക്കും ഫലദായകമായ ക്രിസ്തു സാന്നിദ്ധ്യത്തിനും ദൈവം നമ്മെ സഹായിക്കട്ടെ.

**ജോസഫ് മാർ ബർന്നബാസ് എപ്പിസ്ക്കോപ്പാ**
ചെയർമാൻ
ലക്ഷനറി കമ്മറ്റി

01, നവംബർ 2008
സകല വിശുദ്ധരുടേയും നാൾ

# വചനശുശ്രൂഷയ്ക്കുള്ള കുറിപ്പുകൾ

സഭയിലെ എല്ലാ ദേവാലയങ്ങളിലും സഭാപഞ്ചാംഗത്തിൽ കൊടുത്തിരിക്കുന്ന വിഷയം അടിസ്ഥാനമാക്കി പ്രസംഗം തയ്യാറാക്കേണ്ടതാണ്. കർത്താവിനെ സംബന്ധിച്ച പെരുനാളുകൾ (മോറാനായ), എക്യുമെനിക്കൽ വീക്ഷണമുള്ള വിഷയങ്ങൾ, സാമൂഹ്യ അവബോധം ഉളവാക്കുന്ന വിഷയങ്ങൾ എന്നിവയാണ് ചിന്താവിഷയങ്ങൾ. ഞായറാഴ്ചകളിലെ പ്രസംഗം തയ്യാറാക്കുന്നതിന് സഹായകരമായ കുറിപ്പുകളാണ് ഇവിടെ നൽകിയിരിക്കുന്നത്. വിഷയങ്ങൾക്ക് പ്രാധാന്യം നൽകുന്നതുകൊണ്ട് ചില വേദഭാഗങ്ങൾ ഒന്നിലധികം പ്രാവശ്യം ചേർക്കേണ്ടതായി വന്നിട്ടുണ്ട്.

ചിന്താവിഷയവുമായി ബന്ധപ്പെട്ട ഓരോ പാട്ടുകൾ കൂടി ചേർത്തിട്ടുണ്ട്. നമ്മുടെ എല്ലാ പള്ളികളിലും ഈ പാട്ടുകൾ പാടേണ്ടതാണ്.

## ജനുവരി 4

പാപത്തിൽ നിന്നുള്ള വീണ്ടെടുപ്പിനാണ് യേശുക്രിസ്തു ലോകത്തിൽ വന്നത്. ഈ യേശുക്രിസ്തുവിനെ തിരിച്ചറിയുകയും, അനുഭവിക്കുകയും, മറ്റുള്ളവരോട് പങ്കുവയ്ക്കുകയും ചെയ്യുന്നതാണ്, യഥാർത്ഥ സുവിശേഷ ഘോഷണം. ഈ ഉത്തരവാദിത്വം വിശ്വാസസമൂഹത്തെ ഭരമേല്പിച്ചിരിക്കുന്നു.

## ജനുവരി 11

ദൈവസാദൃശ്യത്തിൽ നിർമ്മിക്കപ്പെട്ട മനുഷ്യൻ ദൈവത്തോടും, മനുഷ്യരോടുമുള്ള ബന്ധത്തിൽ ഉത്തരവാദിത്തപൂർണ്ണമായ ജീവിതം നയിക്കുവാൻ ദൈവം ആഗ്രഹിക്കുന്നു. സമൂഹത്തിന്റെയും, തിന്മശക്തികളുടെയും സ്വാധീനം മൂലം, ഈ നിയോഗം സാക്ഷാത്കരിക്കുവാൻ സാധിക്കാതെ പോകുന്നു. ഇപ്രകാരം വീഴ്ചപറ്റുന്നവരെ അനുതാപത്തിലേക്ക് നയിക്കുവാൻ നമുക്ക് കഴിയണം. അതോടൊപ്പം തിന്മശക്തികളോടും, ഘടനകളോടും പോരാടുവാനും നമുക്ക് ഉത്തരവാദിത്തം ഉണ്ട്.

## ജനുവരി 18

പരിശുദ്ധ ത്രിത്വത്തിൽ വെളിപ്പെടുന്ന ഐക്യവും, കൂട്ടായ്മയുമാണ് എല്ലാ ഐക്യത്തിന്റെയും അടിസ്ഥാനം. വൈവിധ്യം നിലിനിൽക്കുമ്പോൾ തന്നെ ദൈവസ്നേഹത്തിൽ അധിഷ്ഠിതമായ ഐക്യത്തിലേക്ക് എല്ലാ സമൂഹങ്ങളും വളരുവാൻ ദൈവം ആഗ്രഹിക്കുന്നു. അപ്പോൾ മാത്രമേ ഐക്യത്തിന്റെ പൂർണ്ണത വെളിപ്പെടുകയുള്ളു.

## ജനുവരി 25

ദൈവരാജ്യ മൂല്യങ്ങളായ നീതിയിലും, സമാധാനത്തിലും അധിഷ്ഠിതമായ രാഷ്ട്ര നിർമ്മാണ പ്രക്രിയയിൽ സഭയുടെ പങ്ക് വലുതാണ്. അനീതിയും അഴിമതിയും, സ്വജന-പക്ഷപാതവും കൊടികുത്തിവാഴുന്ന ഇന്നത്തെ സമൂഹത്തിൽ ദൈവരാജ്യമൂല്യങ്ങളിലടിസ്ഥാനപ്പെട്ട ഒരു സംസ്കാരം വാർത്തെടുക്കുവാൻ സഭ വ്യക്തമായി പരിശ്രമിക്കണം.

## ഫെബ്രുവരി 1

യേശുക്രിസ്തുവിന്റെ ദൈവരാജ്യപ്രവർത്തനത്തിൽ പ്രഘോഷണം, പഠിപ്പിക്കൽ, രോഗസൗഖ്യം എന്നീ ഘടകങ്ങൾ അടങ്ങിയിരുന്നു. സഭയിലൂടെ ഇന്നും ഈ സൗഖ്യദായക ശുശ്രൂഷ തുടരുന്നു. ഇത് കേവലം ശാരീരികസൗഖ്യം മാത്രമല്ല മാനസികവും ആദ്ധ്യാത്മികവുമായ സമഗ്രസൗഖ്യമാണ്. ജീവന്റെ പൂർണ്ണതയിലേക്ക് മനുഷ്യസമൂഹത്തെ യേശു-ക്രിസ്തുവിലൂടെ നയിക്കുക എന്നതാണ് സഭയുടെ ശുശ്രൂഷ.

## ഫെബ്രുവരി 8

ദൈവത്തോടും ദൈവീക ഉദ്ദേശ്യത്തോടുമുള്ള ബന്ധത്തിൽ നിലനില്ക്കുവാനാണ് ദൈവം സൃഷ്ടിയെ കുറിച്ച് ആഗ്രഹിക്കുന്നത്. ഈ ബന്ധത്തിന് വീഴ്ച സംഭവിക്കുമ്പോൾ, ദൈവത്തോടും, ദൈവീക ഉദ്ദേശ്യത്തോടും അകൽച്ച സംഭവിക്കുന്നു. ഇതാണ് പാപം. ഇത് മനസ്സിലാക്കി ദൈവത്തോടും, സൃഷടിയോടും നിരക്കാൻ ദൈവം ആഗ്രഹിക്കുന്നു.

## ഫെബ്രുവരി 15

ഇന്ന് മാരാമൺ കൺവൻഷൻ ആരംഭിക്കുകയാണ് ഒരു നൂറ്റാണ്ട് പിന്നിട്ട വചന കേൾവി നമ്മുടെയും സമൂഹത്തിന്റെയും ജവിതത്തെയും സാക്ഷ്യത്തെയും രൂപാന്തരപ്പെടുത്തിയിട്ടുണ്ട്. കർത്താവിന്റെ വചനം കേട്ടനുസരിക്കുന്നവർ പാറമേപ്പ അടിസ്ഥാനം ഇട്ടു വീടുപണിത ബുദ്ധിയുള്ള മനുഷ്യന് തുല്യമാണ്. ഇന്ന് നാം ധാരാളം തിരുവചനം ശ്രവിക്കുന്നു എങ്കിലും വചനാനുസരണം ജീവിക്കുവാൻ കഴിയുന്നോ എന്നു നമുക്ക് ശോധന ചെയ്യാം.

## ഫെബ്രുവരി 22

ഇന്ന് വലിയ നോമ്പ് ആരംഭിക്കുകയാണ്. ദൈവത്തോടും, സൃഷ്ടിയോടും അകന്നുപോയ മനുഷ്യവർഗ്ഗത്തെ ക്രിസ്തുവിലൂടെ നിരപ്പിക്കുന്ന പ്രവർത്തനമാണ് ക്രിസ്തുവിന്റെ പീഡാനുഭവും, കുരിശുമരണവും, ഉയർത്തെഴുന്നേൽപും. ഇത് രൂപാന്തരത്തിലേക്കും, അനുസരണത്തിലേക്കും നമ്മെ നയിക്കുന്നു. ഇതാണ് യഥാർത്ഥ നോമ്പ്.

## മാർച്ച് 1

യേശുക്രിസ്തുവിന്റെ ദൈവരാജ്യപ്രവർത്തനം എല്ലാവരേയും ഉൾക്കൊള്ളുന്നതായിരുന്നു. മനുഷ്യർ അസ്പർശ്വരും, അവഗണിക്കപ്പെട്ടവരുമായി തള്ളിയ എല്ലാവരെയും യഥാസ്ഥാനപ്പെടുത്തുകയും, രക്ഷയുടെ പൂർണ്ണതയിലേക്ക് പ്രവേശിപ്പിക്കയുമാണ് കർത്താവ് ചെയ്തത്. ഈ പ്രവർത്തനശൈലിയാണ് ദൈവജനം പിന്തുടരേണ്ടത്.

## മാർച്ച് 8

പാപം മൂലം ദൈവീകസൃഷ്ടി അതിന്റെ ഉദ്ദേശ്യത്തിൽ നിന്ന് വ്യതിചലിക്കയും, രോഗഗ്രസ്ഥമാക്കുകയും ചെയ്യുന്നു. യേശുക്രിസ്തുവിലൂടെ വ്യക്തികൾക്കും സമൂഹങ്ങൾക്കും, പാപമോചനവും സമഗ്രമായ സൗഖ്യവും ലഭ്യമാണ്. ഈ അവസ്ഥയിലുള്ളവരെ ക്രിസ്തുവിങ്കലേക്ക് നയിക്കുവാനാണ് നാം വിളിക്കപ്പെട്ടിരിക്കുന്നത്.

## മാർച്ച് 15

മതത്തിന്റെയും, സംസ്കാരത്തിന്റെയും, വർണ്ണ, വർഗ്ഗ-ലിംഗ വ്യത്യാസങ്ങളുടെയും, അതിർവരമ്പുകളെ ലംഘിച്ചുകൊണ്ട് യേശു സുവിശേഷത്തിന് പുതിയ ഭാഷ്യം നൽകി. അതോടുകൂടെ ബന്ധങ്ങൾക്കതീതമാണ് സുവിശേഷം എന്ന് യേശു വ്യക്തമാക്കി. യേശുക്രിസ്തുവിന്റെ ഈ സമീപനമാണ് നമുക്ക് മറ്റുള്ളവരോടുള്ള ബന്ധത്തിൽ മാതൃകയാക്കേണ്ടത്.

## മാർച്ച് 22

മനുഷ്യ നിർമ്മിതങ്ങളായ നിയമാവലികൾക്കും, ഘടനകൾക്കും അപ്പുറമായി, മനുഷ്യാളത്വത്തെ വിലമതിക്കുന്ന കർത്താവി-നെയാണ് ഇവിടെ നാം ദർശിക്കുന്നത്. മനുഷ്യനെ വിമോചനത്തിലേക്ക് നയിക്കുന്നതിന് വിഘാതമായി നില്ക്കുന്ന തിന്മ ശക്തികളെ ശാസിച്ച്, അവയുടെമേൽ വിജയം വരിക്കുന്ന യേശുവിന്റെ മനോഭാവം ഇന്നും നമുക്ക് പ്രോത്സാഹനജനകമാകണം.

## മാർച്ച് 29

സ്ഥാനമാനങ്ങൾക്കും സ്വാർത്ഥതാല്പര്യങ്ങൾക്കും വേണ്ടി മനുഷ്യർ പരക്കം പായുന്ന ഈ കാലഘട്ടത്തിൽ യേശുക്രിസ്തു ശുശ്രൂഷ ് ഒരു പുതിയ മാതൃക നൽകുന്നു. ദാസനാകുവാനും,

ശുശ്രൂഷ നൽകുവാനും, ക്രിസ്തുവിനോടുകൂടെ കഷ്ടം സഹിക്കുവാനും ഉള്ള ആഹ്വാനമാണ് നമ്മുടെ മുൻപാകെ വയ്ക്കുന്നത്. ബർത്തീമായിയെപ്പോലെ വിശ്വാസത്തിൽ അടിയുറച്ച് ക്രിസ്തുവിനെ അനുഗമിക്കുവാൻ നമുക്ക് കഴിയണം.

## ഏപ്രിൽ 5

ഭയവും അസ്വസ്ഥതയും നിറഞ്ഞ ലോകത്തിൽ മിശിഹായുടെ ആഗമനം സമാധാനവും പ്രത്യാശയും നൽകുന്നതാണ്. സമാധാനം എന്നു പറയുന്നത് നിഷ്ക്രിയത്വമല്ല മറിച്ച് നീതിയിലൂ ക്ഷേമത്തിലും അധിഷ്ഠിതമായ സാമൂഹ്യ വ്യവസ്ഥിതിയാണ് യേശുക്രിസ്തു വെളിപ്പെടുത്തിയ ദൈവരാജ്യമൂല്യങ്ങൾ അംഗീകരിപ്പാനും അതിനനുസരണമായി പ്രവർത്തിപ്പാനും നമുക്ക് സാധിക്കണം.

## ഏപ്രിൽ 12

നിരാശയുടെയും തിന്മയുടെയും മേലുള്ള ദൈവിക വിജയമാണ് യേശുക്രിസ്തുവിന്റെ ഉത്ഥാനം. ഇത് മാനവരാശിക്ക് സന്തോഷവും പ്രത്യാശയും നൽകുന്നതാണ്. എല്ലാ തിന്മശക്തികളെയും ക്രിസ്തുവിനോടുകൂടെ നേരിട്ട് വിജയം വരിക്കാനും ഉയർപ്പിന്റെ സാക്ഷികളാകുവാനും ഉത്ഥാനം നമ്മെ ആഹ്വാനം ചെയ്യുന്നു.

## ഏപ്രിൽ 19

സംശയമുള്ളവർക്കും നിരാശയുള്ളവർക്കും ഉയിർത്തെഴുന്നേറ്റ കർത്താവ് സ്വയം വെളിപ്പെടുത്തുന്നു. ഉയർത്തെഴുന്നേറ്റ കർത്താവിനെ അഭിമുഖീകരിച്ച് തോമസ് അപ്പൊസ്തല-നെപ്പോലെ വിശ്വാസസ്ഥിരതയുള്ളവരായി നമ്മെത്തന്നെ സമർപ്പിക്കുവാൻ കഴിയണം. ക്രിസ്തുവിന്റെ കർതൃത്വം അംഗീകരിച്ച് അവിടുത്തെ സാക്ഷികളാകുവാൻ നാം വിളിക്കപ്പെട്ടിരിക്കുന്നു.

## ഏപ്രിൽ 26

സകലത്തിന്റെയും നാഥനായ ക്രിസ്തു ശിഷ്യത്വത്തിലേക്ക് ഏവരേയും ആനയിക്കുവാൻ വിശ്വാസ സമൂഹത്തെ ആഹ്വാനം ചെയ്യുന്നു. ഈ നിയോഗം ഏറ്റെടുക്കുവാൻ നിരന്തരമായ തന്റെ സാന്നിദ്ധ്യം നമുക്ക് ദൈവം വാഗ്ദാനം ചെയ്തിരിക്കുന്നു. കർത്താവിനോടുകൂടെയുള്ള കൂട്ടായ്മ ബന്ധത്തിലൂടെ മാത്രമേ ഈ ശുശ്രൂഷ നമുക്ക് നിർവ്വഹിക്കുവാൻ കഴിയുകയുള്ളു.

## മെയ് 3

മത ജീവിതം ആചാരാനുഷ്ഠാനങ്ങളിൽ ഒതുങ്ങിനിൽക്കുന്നതല്ല മറിച്ച് വൈകോദ്ദേശ്യം ലോകത്തിൽ പ്രാവർത്തിക-മാക്കുന്നതാണ്. ആവശ്യത്തിലിരിക്കുന്നവരേയും അവഗണിക്ക-പ്പെട്ടവരേയും യേശു ക്രിസ്തുവിന്റെ സ്നേഹത്തിൽ ശുശ്രൂഷിക്കുന്നതാണ് യഥാർത്ഥ ക്രിസ്തീയ ദൗത്യം. ഇതിന് പുതുക്കവും സമർപ്പണവും ആവശ്യമാണ്.

## മെയ് 10

ക്രിസ്തുവിന്റെ ശരീരവും ദൈവരാജ്യത്തിന്റെ ആവിഷ്കാരവും ആണ് സഭ. സംഗതമായ ദൗത്യത്തെപ്പറ്റി പരിശുദ്ധാത്മാവ് എപ്പോഴും ബോദ്ധ്യപ്പെടുത്തിക്കൊണ്ടിരിക്കും. അതിനു അനുസരണമായി സഭയെ പുതുക്കുകയും സജ്ജമാക്കുകയും ചെയ്യുമ്പോഴാണ് സഭയെപ്പറ്റിയുള്ള വിജ്ഞാനവും വീക്ഷണവും പ്രസക്തമാക്കുന്നത്. 2008-ലെ സഭാ മണ്ഡലത്തിലെ പഠനവിഷയമായിരുന്നു സംഗതമായ സഭാ വിജ്ഞാനീയം. ദൈവാത്മാവിന്റെ ഞരക്കത്തിന് കാതോർത്തു-കൊണ്ട് ദൗത്യവാഹകരാകാം.

## മെയ് 17

ഉയിർത്തെഴുന്നേറ്റ കർത്താവ് തന്റെ ശിഷ്യഗണത്തെ ഉയിർപ്പിന്റെ സാക്ഷികളാകുവാൻ നിയോഗിച്ചയക്കുന്നു. ഈ നിയോഗം നിവർത്തിക്കുവാൻ പരിശുദ്ധാത്മാവിനാൽ അവരെ ശക്തീകരിക്കുന്നു. സാക്ഷിക്കുവാനും ക്രിസ്തുവിലൂടെയുള്ള പാപക്ഷമ ലോകത്തിന് നൽകുവാനുമുള്ള നിയോഗവും ശക്തീകരണണവും സഭയിലൂടെ ഇന്നും തുടർന്നു കൊണ്ടിരിക്കുന്നു.

## മെയ് 24

പരിശുദ്ധാത്മാവ് പാപത്തെക്കുറിച്ചും നീതിയെക്കുറിച്ചും ന്യായവിധിയെക്കുറിച്ചും ബോധ്യം വരുത്തും. ആ ബോധ്യം മാനസാന്തരത്തിലേക്കും പുതുക്കത്തിലേക്കും നമ്മെ നയിക്കുന്നു. ആധുനിക ലോകത്തിൽ ഈ ദർശനം ലഭിച്ച് തങ്ങളെത്തന്നെ സമർപ്പിക്കുന്ന വിശ്വാസസമൂഹത്തിന് മാത്രമേ ദൈവത്തെ യഥാർത്ഥമായി സ്തുതിക്കുവാൻ കഴിയു.

## മെയ് 31

സൃഷ്ടിയുടെ ആരംഭം മുതൽ തന്നെ കർമ്മനിരതനായ പരിശുദ്ധാത്മാവ് സൃഷ്ടിയെ പുതുക്കുകയും ദൈവിക ഉദ്ദേശ്യത്തിലേക്ക് നയിക്കുകയും ചെയ്യുന്നു. കർത്താവിന്റെ സാക്ഷ്യം വഹിക്കുവാൻ സഭയെ പരിശുദ്ധാത്മാവിലൂടെ

ശക്തീകരിച്ച സംഭവമാണ് പെന്തിക്കുസ്തി. സൃഷ്ടിയുടെ മുഴുവൻ പുതുക്കവും വീണ്ടെടുപ്പുമാണ് അത്. പരിശുദ്ധാ-ത്മാവിലൂടെ നയിക്കപ്പെടുന്നതിനായി നമ്മെ സമർപ്പിക്കാം

## ജൂൺ 7

വിദ്യാഭ്യാസം പലപ്പോഴും ധനസമ്പാദനത്തിനും സ്വാർത്ഥ ലാഭത്തിനുമുള്ള ഉപാധിയായി ഇന്ന് പരിണമിച്ചിട്ടുണ്ട്. യഥാർത്ഥ വിദ്യാഭ്യാസം എന്നത് ദൈവത്തിലടിസ്ഥാനപ്പെട്ട് ദൈവിക ഉദ്ദേശ്യം തിരിച്ചറിയുന്നതിനുള്ള അന്വേഷണമാണ്. ഈ തിരിച്ചറിവ് നമ്മെ യഥാർത്ഥ കർത്തവ്യ നിർവ്വഹണ-ത്തിനായി സജ്ജീകരിക്കുന്നു.

## ജൂൺ 14

പ്രപഞ്ചം ദൈവത്തിന്റെ സൃഷ്ടിയാണ്. മനുഷ്യനോടുള്ള ദൈവത്തിന്റെ കരുതലിന്റെ പ്രതീകമാണ് നമുക്കു നൽകപ്പെട്ട പ്രകൃതി. ദൈവത്തോടു ചേർന്ന് അതിന്റെ പരിപാലനവും സംരക്ഷയും നിർവ്വഹിക്കുവാൻ നമുക്ക് ഉത്തരവാദിത്തമുണ്ട്. സകല സൃഷ്ടിയുടെയും സമഗ്രതയും വീണ്ടെടുപ്പും ദൈവിക താൽപര്യമാണ്.

## ജൂൺ 21

ദൈവോന്മുഖരായി ജീവിക്കുകയും സാക്ഷ്യനിർവഹണ-ത്തിലേർപ്പെടുകയുമാണ് യഥാർത്ഥമായ ആദ്ധ്യാത്മികത. ഇന്ന് സ്വയ കേന്ദ്രീകൃതവും സമ്പത്തിൽ അടിസ്ഥാനപ്പെട്ടതും അധികാരത്വരയോടു കൂടിയതുമായ ജീവിതമായി ആദ്ധ്യാത്മികത വികലമാക്കപ്പെട്ടുകൊണ്ടിരിക്കുന്നു. ക്രിസ്തു-വിനോടും സമൂഹത്തോടുമുള്ള പ്രതിബദ്ധതയിൽ ദൈവരാജ്യ മൂല്യങ്ങളെ ഉയർത്തിപ്പിടിച്ചുകൊണ്ട് ജീവിക്കുന്നതാണ് യഥാർത്ഥമായ ആദ്ധ്യാത്മികത.

## ജൂൺ 28

സഭാപാരമ്പര്യമനുസരിച്ച് പൌലോസ് അപ്പോസ്തലന്റെ മാനസാന്തരത്തിന്റെ രണ്ടാം സഹസ്രാബ്ദമാണിത്. സാർവ്വത്രിക സഭ ഈ വലിയ ചരിത്ര സംഭവത്തെ ആഘോഷമാക്കുന്നു. തനിക്കു ഭവിച്ചതൊക്കെയും സുവിശേഷത്തിന്റെ അഭിവൃദ്ധി-ക്കായി രൂപാന്തരപ്പെടുത്തിയ അപ്പൊസ്തലന്റെ ജീവിതവും സാക്ഷ്യവും നമ്മുടെ വിശ്വാസജീവിതത്തിൽ വെല്ലുവിളിയായി സ്വീകരിക്കാം.

## ജൂലൈ 5

ദൈവം നമുക്ക് വിഭവങ്ങളും, താലന്തുകളും നൽകിയി-രിക്കുന്നത് ദൈവവോദ്ദേ്യത്തോട് ചേർന്ന് വിനിമയം ചെയ്യുന്നതിനാണ്. ഇവയുടെ ശരിയായ മാർഗ്ഗത്തിലല്ലാത്ത വിനിയോഗവും, ഇവ വിനിയോഗിക്കാതിരിക്കുന്നതും ഒരുപോലെ അവിശ്വസ്തതയാണ്. ദൈവം നമ്മെ ഭരമേല്പിച്ചിരിക്കുന്ന സാധ്യതകൾ ദൈവനാമമഹത്വത്തിനും, മറ്റുള്ളവരുടെ നന്മയ്ക്കായും ഉപയോഗിക്കുവാൻ നമുക്ക് കഴിയണം.

## ജൂലൈ 12

ദൈവിക പരിജ്ഞാനത്തിലും, ദൈവിക കൂട്ടായ്മയിലും ജീവിക്കുവാനാണ് നമ്മെക്കുറിച്ച് ദൈവം ഉദ്ദേശിക്കുന്നത്. ലക്ഷ്യമില്ലാത്ത ജനത്തിന് ലക്ഷ്യബോധവും, ദൈവത്തെ-ക്കുറിച്ചുള്ള അറിവും നൽകുക എന്നത് കർത്താവിന്റെ പ്രവർത്തനശൈലിയായിരുന്നു. ഇത് വിശ്വാസത്തിലേക്ക് നയിക്കുന്നതാണ്. സഭയിലെ എല്ലാവരും ദൈവിക ജ്ഞാനത്തിൽ നിറഞ്ഞ്, വിശ്വാസം പരിപോഷിപ്പിച്ച്, പൂർണ്ണതയിലേക്ക് വളരുവാൻ പരിശ്രമിക്കേണ്ടതാണ്.

## ജൂലൈ 19

ദൈവജനത്തെ പരിപാലിക്കുന്ന ശുശ്രൂഷക്കായി പട്ടക്കാർ വിളിക്കപ്പെട്ടിരിക്കുന്നു. അവർ ദേശത്തിന്റെ കാവൽക്കാരും അപകടത്തെപ്പറ്റി മുന്നറിയിപ്പു നൽകുന്നവരുമാണ്. ഈ ശുശ്രൂഷ ചെയ്യുന്നവർ ദൈവത്തോടു കണക്കു ബോധിപ്പി-ക്കേണ്ടവരാണ് എന്ന് എപ്പോഴും ഓർക്കേണ്ടതാണ്.

## ജൂലൈ 26

മാനസാന്തരത്തിലൂടെ ദൈവരാജ്യാനുഭവത്തിലേക്ക് വ്യക്തികളേയും, സമൂഹങ്ങളേയും ദൈവം ക്ഷണിക്കുന്നു. ഇത് ഭാഷയുടെയും, സംസ്കാരത്തിന്റെയും, ജാതിയുടെയും അതിർവരമ്പുകൾക്കപ്പുറമായി സകലരേയും ഉൾക്കൊള്ളു-ന്നതാണ്. ഇതിനോട് പ്രതികരിക്കുന്നവരെ സ്നാപനം വഴിയായി ക്രിസ്താനുഭവത്തോട് സംയോജിപ്പിക്കപ്പെടുന്നു.

## ആഗസ്റ്റ് 2

സഭയുടെ പരിപോഷണത്തിനായി പരിശുദ്ധാത്മാവിന്റെ വിവിധ വരങ്ങൾ നൽകപ്പെട്ടിരിക്കുന്നു. ഈ വരങ്ങളെല്ലാം തുല്യമായി കാണേണ്ടതാണ്. ഒന്ന് മറ്റൊന്നിനേക്കാൾ ശ്രേഷ്ഠമോ ഹീനമോ അല്ല. ഈ പരിശുദ്ധാത്മ വരങ്ങൾ എല്ലാം തന്നെ സഭയുടെ പൊതുപ്രയോജനത്തിനും ദൗത്യനിർവ്വഹണ-

ത്തിനുമാണ് നൽകപ്പെട്ടിരിക്കുന്നത്. ഈ സത്യം തിരിച്ചറിഞ്ഞ്, നമുക്ക് ലഭിച്ചിരിക്കുന്ന കൃപാവരങ്ങൾക്കൊത്തവണ്ണം ദൗത്യം നിർവ്വഹിക്കുവാൻ നമുക്ക് ഉത്തരവാദിത്തം ഉണ്ട്

## ആഗസ്റ്റ് 9

സാമുഹിക, സാമ്പത്തിക, സാംസ്കാരിക, രംഗങ്ങളിൽ ഇന്ന് അന്യ സംസ്കാരങ്ങളുടെയും, ശക്തികേന്ദ്രങ്ങളുടെയും കടന്നുകയറ്റം വർദ്ധിച്ചുവരുന്നു. ഇത് അന്യവൽക്കരണത്തിനും, ചൂഷണത്തിനും കാരണമാകുന്നു. പല രംഗങ്ങളിലും സാമൂഹിക നീതിയും, മനുഷ്യാവകാശങ്ങളും നിഷേധിക്കപ്പെടുന്നു. ഇവിടെ ലാളിത്യവും, സംതൃപ്തവും, ദൈവരാജ്യമൂല്യങ്ങളിൽ അധിഷ്ഠിതവുമായ ജീവിതം നയിക്കുവാൻ ക്രിസ്തീയ സമൂഹത്തിനു കഴിയണം. എല്ലാ കാലഘട്ടത്തിലും ഇതിനുസമാനമായ സ്ഥിതിവിശേഷങ്ങൾ നിലനിന്നിരുന്നു. യേശുക്രിസ്തു വിഭാവനം ചെയ്യുന്ന പ്രതിസംസ്കാരം ഉൾക്കൊണ്ട് ജീവിക്കുവാൻ നാം ശ്രമിക്കേണ്ടതാണ്.

## ആഗസ്റ്റ് 16

കാലം തികഞ്ഞു ദൈവരാജ്യം സമീപിച്ചിരിക്കുന്നു മാനസാന്തരപ്പെട്ട് സുവിശേഷത്തിൽ വിശ്വസിപ്പിൻ എന്നത് കർത്താവിന്റെ ആഹ്വാനമാണ്. പാപത്തെക്കുറിച്ച് പശ്ചാത്തപിച്ച് ദൈവകൃപയാൽ പാപമോചനം ലഭിക്കുന്ന കൃപ മുഖാന്തിരമാണ് കുമ്പസാരം (അനുതാപം) എന്ന കൂദാശ. ദൈവത്തിന്റെ പരിശുദ്ധാത്മാവാണ് നമുക്കു പാപബോധം നൽകുന്നത്. നമ്മുടെ പാപങ്ങൾ ഏറ്റു പറയുമ്പോൾ ദൈവം തന്റെ പുത്രനിൽ കൂടി സകല പാപവും പോക്കി നമ്മെ ശുദ്ധീകരിക്കും എന്നത് അവിടുത്തെ വാഗ്ദാനമാണ്. പാപം ഏറ്റുപറഞ്ഞു് പുതുക്കം പ്രാപിച്ച് കർത്താവിനോടുകൂടെ ജീവിക്കുവാൻ നമ്മെ സമർപ്പിക്കാം.

## ആഗസ്റ്റ് 23

വിശ്വാസ ജീവിതത്തിൽ പിന്മാറ്റവും, അലസതയും, നിഷ്ക്രിയത്ത്വവും ഉണ്ടാകാറുണ്ട്. ദൈവവചനത്തിന്റെ വെളിച്ചത്തിൽ വിശ്വാസത്തെ വിലയിരുത്തി പുനരുദ്ദീപിക്കുകയാണ് യഥാർത്ഥ നവീകരണം. വിശ്വാസത്തെക്കുറിച്ചും, ദൗത്യത്തെക്കുറിച്ചുമുള്ള പുതിയ ദർശനം ഇതിലൂടെ ലഭ്യമാകുന്നു. പരിശുദ്ധാത്മാവിലൂടെയുള്ള പുതുക്കവും, അതിനനുസരണമായ ജീവിതശൈലിയുമാണ് നവീകരണത്തിന്റെ അന്ത:സത്ത.

## ആഗസ്റ്റ് 30

വിശ്വാസത്തോടെ ദൈവത്തിങ്കലേക്ക് തിരിയുന്ന ഏവരെയും കർത്താവ് സ്വീകരിക്കുന്നു. ഇതിന് വർഗ്ഗ-വർണ്ണ-സാംസ്കാരിക വ്യത്യാസങ്ങൾ തടസ്സമല്ല. യേശുക്രിസ്തുവിലൂടെ വെളിപ്പെട്ട പൊതു മാനവീകതയിലേക്ക് എല്ലാവരെയും ഒരുക്കാനും, അവരുമായി വിശ്വാസം പങ്കുവയ്ക്കുവാനും സഭയ്ക്ക് ഉത്തരവാദിത്തം ഉണ്ട്.

## സെപ്റ്റംബർ 6

യഥാർത്ഥമായ ജ്ഞാനത്തിന്റെ ഉറവിടം ദൈവമാണ്. യേശുവിന്റെ ജ്ഞാനവും ഉപദേശവും മറ്റുള്ളവരെ വിസ്മയിപ്പിക്കുന്നതാണ്. എന്റെ നുകം ഏറ്റുകൊണ്ട് എന്നിൽ നിന്നു പഠിപ്പിൻ എന്നു പറഞ്ഞ കർത്താവാണ് അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും മാതൃകയായ ശ്രേഷ്ഠഗുരു.

## സെപ്റ്റംബർ 13

നമ്മുടെ സഭയിൽ സേവികാസംഘം സ്ഥാപിതമായിട്ട് തൊണ്ണൂറു സംവത്സരം പിന്നിട്ടു. ദൈവരാജ്യത്തിന്റെ ശുശ്രൂഷയിൽ പുരുഷന്മാരോടൊപ്പം സ്ത്രീകളെയും പങ്കാളികളാക്കിയിരുന്ന കർത്താവിന്റെ മാതൃകയാണ് നാം സ്വീകരിക്കേണ്ടത്. യെരുശലേം തൊട്ട് കാൽവറിയോളവും, തുടർന്ന് സുവിശേഷ പ്രഘോഷണത്തിലും പങ്കുചേർന്ന സ്ത്രീകളുടെ വലിയ നിരതന്നെ പുതിയ നിയമത്തിൽ നാം വായിക്കുന്നു. ഇന്ന് സഭയിലും അതിന്റെ സുവിശേഷ-അജപാലന രംഗത്തും സ്ത്രീകൾക്ക് അർഹമായ സ്ഥാനം ലഭിക്കുന്നുണ്ടോ. ആവശ്യമുള്ള സ്ഥാനത്ത് ശുശ്രൂഷ ായി സ്ത്രീകൾ പങ്കുചേരുന്നുണ്ടോ എന്ന അന്വേഷണം തുടരേണ്ടതാണ്.

## സെപ്റ്റംബർ 20

ദൈവികരക്ഷാപദ്ധതിയിൽ എല്ലാവരെയും പങ്കാളികളാക്കുവാൻ ദൈവം ക്രൈസ്തവ സമൂഹത്തെ വിളിച്ചാക്കിയിരിക്കുന്നു. ജനതകൾക്കു പ്രകാശം പകരുവാനാണ് നാം തെരഞ്ഞെടുക്കപ്പെട്ടിരിക്കുന്നത്. ദൈവരാജ്യമൂല്യങ്ങൾ മുറുകെപ്പിടിച്ച് പുളിപ്പു പകരുന്ന മാവു പോലെ ലോകത്തെയും രാഷ്ട്രത്തെയും രൂപാന്തരപ്പെടുത്തുവാൻ നമുക്ക് ഉത്തരവാദിത്വം ഉണ്ട്.

## സെപ്റ്റംബർ 27

ദൈവം നടത്തിയ വഴികളെയും തങ്ങളെ സംരക്ഷിച്ചതിനെയും ഓർത്തു കൊണ്ട് ദൈവിക കല്പനകളിൽ നിന്ന്

വ്യതിചലിക്കാതെ മുൻപോട്ടു പോകുവാൻ വൃദ്ധനായ യോശുവ തന്റെ ജനത്തെ ഉപദേശിച്ചു. അതുപോലെ വൃദ്ധനായ ശിമയോൻ യേശുവിനെ കയ്യിലേന്തി ദൈവികരക്ഷയെ കണ്ടതുകൊണ്ട് സംതൃപ്തി അടയുന്നു. അറിവും ദൈവിക പരിജ്ഞാനവും വരും തലമുറ ് കൈമാറുന്ന മുതിർന്ന തലമുറ നമുക്ക് ഒരു അനുഗ്രഹമാണ് എന്ന് അംഗീകരിക്കാം.

## ഒക്ടോബർ 4

ഓരോ വിശ്വാസിയും സുവിശേഷകനാണ്. ഭൂമിക്ക് ഉപ്പായും പ്രകാശമായും ഇരിക്കേണ്ടതിനാണ് നാം വിളിക്കപ്പെട്ടിരിക്കുന്നത്. നമ്മുടെ നല്ല പ്രവർത്തികളിലൂടെ ദൈവ മഹത്വം വെളിപ്പെടുത്തുന്ന വിശ്വാസ സമൂഹമായി ഇടവക ഒരുക്കപ്പെടുവാൻ സന്നദ്ധ സുവിശേഷക സംഘ പ്രവർത്തനങ്ങൾ മൂലം ഇടയാകണം.

## ഒക്ടോബർ 11

ശാരീരികവും മാനസീകവുമായ വൈകല്യം പ്രാപിച്ച സഹോദരങ്ങളെ കർത്താവ് കരുതുകയും ശുശ്രൂഷിക്കുകയും ചെയ്തു. കർത്താവിന്റെ താല്പര്യത്തോടു ചേർന്ന് അവരെ കരുതുകയും സ്നേഹിക്കുകയും ചെയ്യുവാനും അവരിലുള്ള വൈവിധ്യ സാധ്യതകളെ സഭയിലും സമൂഹത്തിലും പ്രയോജനപ്പെടുത്തുന്നതിൽ നേതൃത്വം കൊടുക്കുവാനും സഭ ് ചുമതലയുണ്ട്.

## ഒക്ടോബർ 18

യൗവ്വനകാലം ജീവിതത്തിലെ ഊർജ്ജസ്വലതയുടെ കാലമാണ് അക്കാലത്ത് സൃഷ്ടാവായ ദൈവത്തെ അറിഞ്ഞ് ദൈവത്തോടുകൂടെ ജീവിതയാത്ര തുടരുന്നതിന് സാധിക്കണം. അനാവശ്യ വ്യാകുലതകളിൽ തളരാതെ ദൈവത്തിൽ ആശ്രയിക്കുകയും ദൈവരാജ്യവും നീതിയും അന്വേഷിക്കുകയും ചെയ്യുമ്പോഴാണ് ജീവിതം ധന്യമായി തീരുന്നത്. ദൈവത്തോടു ചേർന്ന് ജീവിക്കുമ്പോൾ യൗവ്വനം അർത്ഥവത്തായി ഉപയോഗിക്കുന്നതിനു സാധിക്കും.

## ഒക്ടോബർ 25

കുടുംബം ദൈവത്തിന്റെ ദാനമാണ്. സ്വാർത്ഥതയും കുടുംബാന്തരീക്ഷത്തിൽ നിന്നു വേർപെട്ടു ജീവിക്കുന്ന പ്രവണതകളും തകർച്ചയിലേക്കു നയിക്കുന്നു. അനുതാപവും മാനസാന്തരവും ഒരുമിച്ചു നിൽക്കുന്നതിനുള്ള താല്പര്യവും കുടുംബത്തെ ഊഷ്മളതയുള്ളതാക്കുന്നു. ദൈവസ്നേഹത്താൽ നിറയുമ്പോൾ കുടുംബം ദൈവരാജ്യത്തിെ ചെറു പതിപ്പായി തീരുന്നു.

## നവംബർ 1

ആരാധന പാരമ്പര്യത്തിലും ക്രിസ്തീയ വിശ്വാസത്തിലും നിരന്തരം പങ്കുചേരുന്ന കുഞ്ഞുങ്ങൾക്കാണ് ദൈവത്തെപ്പറ്റിയുള്ള അറിവും അനുഭവവും പകർന്നു ലഭ്യമാകുന്നത്. ഇത് ഭവനത്തിൽ തുടങ്ങി സഭയുടെ മതബോധന ശുശ്രൂഷയിലൂടെ പരിപോഷിപ്പിക്കപ്പെടേണ്ടതാണ്. നസ്രേത്തിലെ ഭവനത്തിലെ മാതൃക സ്വീകരിച്ച് കുഞ്ഞുങ്ങൾ ആരാധനയിലും ദൈവവചന പഠനത്തിലും പങ്കെടുക്കുമ്പോൾ ദൈവീക പരിജ്ഞാനം ലഭിക്കുന്നതിനുള്ള അവസരമായി തീരുന്നു.

## നവംബർ 8

ദൈവരാജ്യ മൂല്യങ്ങളുടെ സംരക്ഷകരായും പ്രഘോഷകരായും ദൈവം നമ്മെ വിളിച്ചിരിക്കുന്നു. യേശു ശിഷ്യന്മാരെ കൂട്ടായി അയച്ചതുപോലെ ഒരുമിച്ചു നിന്ന് ദൈവരാജ്യ പ്രവർത്തനത്തിൽ പങ്കാളികളാകുവാൻ സഭാംഗങ്ങൾ വിളിക്കപ്പെട്ടിരിക്കുന്നു.

## നവംബർ 15

പ്രാർത്ഥന ് ഉത്തരമായി ലഭിക്കുന്ന യോഹന്നാൻ സ്നാപകൻ മശിഹാ ് വഴി ഒരുക്കുവാൻ നിയോഗിതനായിരുന്നു. യോഹന്നാൻ മശിഹാ ുവേണ്ടി വഴി ഒരുക്കുന്നത് ജനത്തെ ദൈവവുമായും തമ്മിൽ തമ്മിലും അനുരഞ്ജിപ്പിച്ചികൊണ്ടായിരിക്കും എന്ന് ദൂതൻ അറിയിക്കുന്നു. മശിഹാ ു വേണ്ടി ജനത്തെ ഒരുക്കേണ്ട ചുമതല തന്നെയാണ് സഭ ുള്ളതും.

## നവംബർ 22

ദൈവപുത്രന് ജന്മം നൽകുന്ന മാതാവാകാനുള്ള ചുമതല ദൈവ ദൂതനിലൂടെ ലഭിച്ചപ്പോൾ ദൈവഹിതം നിറവേറ്റുന്നതിന് മറിയ തന്നെ വിധേയപ്പെടുത്തി മുഴുവനായി സമർപ്പിക്കുന്നു. ദൈവിക രക്ഷാ പദ്ധതിയിൽ പങ്കുചേരുന്നതിനു ലഭിക്കുന്ന അവസരം വലിയ ഭാഗ്യമായി കണക്കാക്കുകയും അതിനിടയിൽ ലഭിക്കാമാവുന്ന എല്ലാ അപമാനവും പ്രയാസങ്ങളും ഏറ്റെടുക്കുന്നതിന് തയ്യാറാവുകയും ചെയ്യണം. നിന്റെ വാക്കുപോലെ എനിക്കു ഭവിക്കട്ടെ എന്നു പറയുന്ന മറിയയുടെ പ്രതികരണം നമുക്ക് വിശ്വാസ ജീവിതത്തിൽ ഒരു മാതൃകയാണ്.

## നവംബർ 29

ദൈവത്തിന്റെ വരദാനങ്ങളും വാഗ്ദാനങ്ങളും ലഭിക്കുകയും അതിനുള്ള വെല്ലുവിളി ഏറ്റെടുക്കുകയും ചെയ്ത ജീവിതത്തിൽ ഒരേ അവസ്ഥയിലിരിക്കുന്നവർ സുഖ ദു:ഖങ്ങൾ

പങ്കുവെക്കുന്നത് ആശ്വാസത്തിനും സന്തോഷത്തിനും കാരണമാകുന്നു. മറിയയുടെ സന്ദർശനം ഇരുവർക്കും ഒരുപോലെ സുവാർത്തയുടെ ആഘോഷവും പങ്കിടിലും ആയിത്തീരുന്നു.

## ഡിസംബർ 6

മശിഹാക്ക് വഴിയൊരുക്കുവാൻ ജനിച്ച യോഹന്നാൻ സ്നാപകൻ അത്യുന്നതന്റെ പ്രവാചകൻ എന്ന് പ്രവചിക്കപ്പെടുന്നു. മശിഹായിലൂടെ ലഭ്യമാക്കുവാൻ പോകുന്ന പാപമോചനം വഴിയുള്ള രക്ഷയെക്കുറിച്ച് ജനത്തെ ബോധവാന്മാരാക്കികൊണ്ടാണ് യോഹന്നാൻ വഴി ഒരുക്കുന്നത്. ദൈവവചനം ജനത്തെ അനുതാപത്തിലേക്കും പാപമോചനത്തിലേക്കും രക്ഷയിലേക്കും വഴി നടത്തുന്നു.

## ഡിസംബർ 13

നിഷ്കളങ്കനും നീതിമാനുമായ ജോസഫിനെ ദൈവീക രക്ഷണ്യ പ്രവർത്തനത്തിൽ പങ്കാളിയാക്കുന്നതിന് ദൈവം തെരഞ്ഞെടുക്കുന്നു. ജീവിതത്തിൽ പ്രതിസന്ധി നേരിട്ടപ്പോൾ ദർശനത്തിലൂടെ ഉറപ്പിക്കുന്നു. ദൈവിക ദർശനവും ഇടപെടലും ദൈവഹിതം നടപ്പിലാക്കുന്നതിനുവേണ്ടി ത്യാഗം സഹിക്കുന്നതിന് ജോസഫിനെ പ്രാപ്തനാക്കുന്നു.

## ഡിസംബർ 20

ദൈവത്തോടു കൂടെയായിരുന്ന, ദൈവമായ വചനം ജഡമായി അവതരിച്ചത് ആരും കണ്ടിട്ടില്ലാത്ത ദൈവത്തെ ലോകത്തിനു വെളിപ്പെടുത്താനാണ്. ജഡാവതാരം ചെയ്ത ദൈവത്തെ കൈക്കൊണ്ട് അവനിൽ വിശ്വസിച്ച് ജീവിക്കുന്നവരാണ് ദൈവമക്കൾ.

## ഡിസംബർ 27

മാനവ ചരിത്രത്തിൽ ഒരോ കാലഘട്ടത്തിലും, അടിച്ചമർത്തപ്പെട്ടവരും, നീതിനിഷേധിക്കപ്പെട്ടവരും, ചൂഷണവിധേയരായവരും, ദരിദ്രരും ഉണ്ട്. ഇവരോടുള്ള കരുതലും, ഐക്യദാർഢ്യവും, പ്രവാചകരിലൂടെയും, ന്യായാധിപരിലൂടെയും പ്രകടമാക്കിയിട്ടുണ്ട്. യേശുകർത്താവിന്റെ പരസ്യശുശ്രൂഷയും ഇപ്രകാരമുള്ളവർക്ക് കരുതലും, വിമോചനവും പ്രഘോഷിച്ചിരുന്നു. ഈ മനോഭാവം സഭയുടെ പ്രവർത്തനത്തിൽ തുടരേണ്ടതാണ്.

# മലങ്കര മാർത്തോമ്മാ സുറിയാനി സഭ
# സഭാ പഞ്ചാംഗം – ക്രിസ്തുവർഷം 2009

***ബഹു. എപ്പിസ്ക്കോപ്പൽ സിനഡ് പ്രസിദ്ധീകരിക്കുന്നത്***
***ഞായറാഴ്ചകളിലും മറ്റു വിശേഷ ദിവസങ്ങളിലും***
***ഉപയോഗിക്കുന്നതിനുള്ള വിശുദ്ധ വേദഭാഗങ്ങൾ***

| തീയതി | പാഠങ്ങൾ | ശ്ളീഹ–ഏവൻഗേലിയോൻ | സന്ധ്യ |
|---|---|---|---|

## ജനുവരി

1 വ്യാഴം പരിച്ഛേദനപ്പെരുന്നാൾ–ഉടമ്പടിയുടെ പുതുക്കം
ക്രിസ്തീയ പുറ. 33:12–23 2 തെസ്സ. 1:3–12 സങ്കീ. 20
കീർത്തനം.387 അ.പ്ര. 3:1–16 വി. ലൂക്കോ. 2:15–21 ഗലാ. 4:21–31

4 ഞായർ സുവിശേഷത്തിന്റെ പങ്കിടിൽ (ബാഹ്യകേരള മിഷൻ)
ക്രി.കീ. 305 യെശ.49:1–7 റോമ.1:8–17 സങ്കീ.2:1–8
1 കൊരി.9:15–27 വി. യോഹ.1:35–42 ഗലാ.3:23–29

6 ചൊവ്വ ദനഹാ (Epiphany) – നമ്മുടെ കർത്താവിന്റെ സ്നാപനം
ക്രി.കീ. 39 2 രാജാ.2:9–25 1 യോഹ.1:1–10
1 പത്രൊ.3:18–22 വി. ലൂക്കോ.3:15–22

8 വ്യാഴം വി. സ്തേഫാനോസിന്റെ നാൾ
2 ദിന. 24:20–22 അ. പ്ര. 7:51–8:3
എബ്രാ. 11:24–40 വി. മത്താ. 23:34–39

11 ഞായർ ലഹരിവിരുദ്ധ ദിനം (Temperance Sunday) –
ക്രി.കീ. 265 "വിശുദ്ധിയിൽ നടപ്പിൻ"
ദാനി. 1:1–17 എഫെ.5:15–21 യെശ. 28:1–15
1 പത്രൊ.1:13–22 വി. ലൂക്കോ.15:11–24 1 കൊരി.3:10–23

18–25 ഐക്യ പ്രാർത്ഥനാവാരം (Unity Octave)

18 ഞായർ എക്യുമെനിക്കൽ ഞായർ (Ecumenical Sunday)
ക്രി.കീ. 407 ഐക്യത്തിൽ തികഞ്ഞവരാകുക
യെശ. 60:1–7 എഫെ. 4:1–8 സങ്കീ. 66
2 പത്രൊ.1:1–11 വി. യോഹ. 17:20–26 വി.ലൂക്കോ.5:4–11

25 ഞായർ സൃഷ്ടിയെക്കുറിച്ചുള്ള ദൈവിക കരുതൽ
ക്രി.കീ. 34 ഉല്പ.1:26–31 റോമ.8:18–21 സങ്കീ.19
കൊലൊ. 1:9–20 വി. ലൂക്കോ. 8:22–25 വെളി. 4:1–11

26 തിങ്കൾ ഭാരത റിപ്പബ്ളിക് ദിനം
ക്രി.കീ. 19 ഉത്തരവാദിത്വപൂർണ്ണമായ പൗരത്വം
ആമോ.5:7–15 റോമ.13:1–10
യാക്കോ. 26:1–8 വി. മത്താ. 5:1–12

## ഫെബ്രുവരി

1 ഞായർ ക്രിസ്തുവിലൂടെയുള്ള സമഗ്ര സൗഖ്യം
ക്രി.കീ. 168 (മെഡിക്കൽ മിഷൻ സണ്ടേ)
2 രാജാ.5:1–14 യാക്കോ. 5:13–19 സങ്കീ. 103:1–5
വെളി. 22:1–7 വി.മർക്കോ. 7:31–37 അ.പ്ര. 3:1–10

2 തിങ്കൾ നമ്മുടെ കർത്താവിന്റെ ദേവാലയ പ്രവേശം
ക്രി.കീ. 242 (മായൽത്തോ)
ലേവ്യ.12:1–8 2 യോഹ.1–13
റോമ.12:1–8 വി. ലൂക്കോ. 2:21–32

മൂന്നു നോമ്പ് ആരംഭം
യോനാ.1:1–17 റോമ.15:24–33
എഫെ.5:3–21 വി.മത്താ.7:1–12

3 ചൊവ്വ യോനാ.2:1–10
അ.പ്ര.8:9–25
വി.മത്താ.24:36–46

4 ബുധൻ യോനാ.3:1–10
യാക്കോ.3:1–10
വി.മത്താ.12:38–50

5 വ്യാഴം മൂന്നു നോമ്പുവീടൽ
ക്രി.കീ. 236 യോനാ.4:1–11 റോമ.5:7–11
വെളി.3:14–22 വി.ലൂക്കോ.11:29–30

8 ഞായർ പാപം: ദൈവത്തിൽ നിന്നും സൃഷ്ടിയിൽ നിന്നും ഉള്ള അകൽച്ച
ക്രി.കീ. 83 ഉല്പ.6:1–13 റോമ. 3:21–30 സദൃ. 24:13–22
2 പത്രൊ. 2:1–10 വി.ലൂക്കോ. 15:1–7 റോമ. 7:15–25

15 ഞായർ തിരുവചനാനുസരണം ജീവിപ്പിൻ
ക്രി.കീ. 201 (114–ാം മാരാമൺ കൺവൻഷൻ ആരംഭം)
യിരെ.7:1–11 1 തെസ്സ.1:1–8 സങ്കീ.1
എബ്രാ.2:1–13 വി.മത്താ.7:15–27 അ.പ്ര.2:37–47

22 ഞായർ രൂപാന്തരപ്പെടുത്തുന്ന കർത്താവ് (വലിയനോമ്പ് ആരംഭം)
ക്രി.കീ. 211 (മാരാമൺ കൺവൻഷൻ സമാപനം)
പുറ.15:22-27 എഫെ.4:17-24 2 രാജാ.2:13-25
റോമ.12:1-8 വി.യോഹ.2:1-11 ഫിലി.3:8-21

23 തിങ്കൾ വലിയനോമ്പിലെ നിരപ്പിന്റെ ശുശ്രൂഷ (ശുബ്ക്കോനോ)
ക്രി.കീ. 255 യെശ.29:15-24 2 കൊരി.5:14-21
1 യോഹ.4:11-20 വി. മത്താ. 5:21-27

## മാർച്ച്

1 ഞായർ അവഗണിക്കപ്പെടുന്നവരോടുള്ള ക്രിസ്തു സമീപനം
ക്രി.കീ. 171 (നോമ്പിൽ 2-ാം ഞായർ)
പുറ.3:7-18 അ.പ്ര.16:16-24 സങ്കീ. 54
യാക്കോ.5:1-11 വി. ലൂക്കോ. 5:12-16 വി.ലൂക്കോ.19:1-10

6 വെള്ളി ലോക പ്രാർത്ഥനാദിനം

8 ഞായർ പാപം മോചിക്കുന്ന യേശു (നോമ്പിൽ 3-ാം ഞായർ)
ക്രി.കീ. 176 യെശ. 1:1-20 1 യോഹ. 1:1-10 സങ്കീ.103
എബ്രാ.10:1-15 വി.മർക്കൊ.2:1-12 അ.പ്ര.3:11-26

15 ഞായർ പ്രതിബന്ധങ്ങളെ തകർക്കുന്ന സുവിശേഷം
ക്രി.കീ. 425 (നോമ്പിൽ 4-ാം ഞായർ)
യെശ.45:1-8 ഗലാ.2:11-21 സങ്കീ.47
അ.പ്ര.16:6-15 വി.മത്താ.15:21-28 വി.യോഹ.4:19-26

18 ബുധൻ പകുതി നോമ്പ് (Mid-Lent)-(നോമ്പിൽ 25-ാം ദിവസം)
ക്രി.കീ. 186 "രക്ഷ ക്രിസ്തുവിൽ"
സംഖ്യ. 21:4-9 ഗലാ. 6:11-16
1 കൊരി. 1:18-31 വി. മർക്കൊ. 10:32-34

22 ഞായർ തിന്മാശക്തികളിന്മേലുള്ള ക്രിസ്തുവിന്റെ വിജയം
ക്രി.കീ. 379 (നോമ്പിൽ 5-ാം ഞായർ)
യെശ.59:12-21 എഫെ.6:10-20 സങ്കീ.44
റോമ.8:31-39 വി.ലൂക്കോ.13:10-17 അ.പ്ര.17:22-31

25 ബുധൻ കന്യകമറിയാമിനോടുള്ള അറിയിപ്പിന്റെ പെരുനാൾ
ക്രി.കീ. 224 (Anunciation)
യെശ.7:10-14 ഗലാ.4:1-7
1 യോഹ.3:1-12 വി.ലൂക്കോ.1:26-38

29 ഞായർ യേശുവിന്റെ ദാസ്യ ശുശ്രൂഷ - ഒരു നവ ദർശനം
ക്രി.കീ. 226 (മുപ്പത്തി ആറാം ഞായർ)
യെശ.42:1-9 1 കൊരി.6:1-11 സങ്കീ.89
അ.പ്ര.12:1-11 വി.മർക്കൊ.10:42-52 2 കൊരി.4:1-12

## ഏപ്രിൽ

3 വെള്ളി നാല്പതാം വെള്ളി - പരീക്ഷകളിൽ ജയാളിയായ ക്രിസ്തു
ക്രി.കീ. 312 (നോമ്പിൽ 40-ാം ദിവസം)
സംഖ്യ. 21:1-10 1 പത്രൊ. 1:13-22
എബ്രാ. 12:1-13 വി. ലൂക്കോ. 4:1-15

5 ഞായർ ഹോശാന - സമാധാനത്തിന്റെ പ്രതീകമായ ക്രിസ്തു
ക്രി.കീ. 135 (വൈദിക സെമിനാരി)
സെഖ.9:9-17 കൊലൊ.1:15-24 എബ്രാ.5:5-10
എഫെ.2:11-22 വി.യോഹ.12:12-19 വി.മർക്കൊ.11:1-11

6 തിങ്കൾ ഹാശാ ആഴ്ച (പീഡാനുഭവ വാരം)
ക്രി.കീ. 144 ലേവ്യ. 2:1-16 യെശ. 63:7-19
അ.പ്ര. 13:26-43 എബ്രാ.2:1-18
വി.മത്താ.21:23-46 വി.മത്താ.22:1-14 വി.മത്താ.22:15-23

7 ചൊവ്വ
ക്രി.കീ. 149 യെശ. 52:1-15 സംഖ്യ. 21:1-16
അ.പ്ര. 13:44-52 എഫേ. 2:1-10
വി.മത്താ.22:34-23:12 വി.മത്താ.23:13-39 വി.മത്താ.24:1-28

8 പെസഹാ ബുധൻ
ക്രി.കീ. 148 യെശ. 28:14-29 ലേവ്യ. 16:1-28 1 യോഹ. 4:7-20
കൊലൊ. 1:9-22 1 കൊരി. 5:1-8
വി.മത്താ. 24:29-51 വി.മത്താ.25:1-13 വി.യോഹ. 6:60-70

9 പെസഹാ വ്യാഴം-വി. കുർബ്ബാന: രക്ഷയുടെ ആഘോഷം
ക്രി.കീ. 137 പുറ. 12:1-28 ഉല്പ. 22:1-14
എബ്രാ. 9:1-15 എബ്രാ. 5:1-14 1 കൊരി. 11:23-34
വി.മത്താ.26:1-16 വി.മത്താ.26:17-30 വി.മത്താ.26:31-46

10 ദുഃഖവെള്ളി (Good Friday) "രക്ഷ സകലർക്കും"
ക്രി.കീ. 146 **ഒന്നാം ശുശ്രൂഷ** **രണ്ടാം ശുശ്രൂഷ**
യെശ. 53:1-12 സെഖ. 13:1-9
1 പത്രൊ. 1:1-25 ഗലാ. 3:1-22
വി.മത്താ. 26:47-75 വി.മത്താ. 27:1-44

ക്രി.കീ. 147 **മൂന്നാം ശുശ്രൂഷ** **സന്ധ്യാശുശ്രൂഷ**
സംഖ്യ. 21:1-9 ദാനി. 2:26-45
എബ്രാ. 3:1-19 2 തെസ്സ. 2:1-12
വി.മത്താ. 27:45-56 വി.മത്താ.27:57-61

11 ദുഃഖശനി
ക്രി.കീ. 150 യെഹ. 37:1-14 റോമ. 6:1-11
1 പത്രൊ. 3:17-22 വി.മത്താ. 27:62-66

12 ഉയിർപ്പ് ഞായർ ക്രിസ്തുവിന്റെ ഉത്ഥാനം: പ്രത്യാശയുടെ ആഘോഷം
ക്രി.കീ. 154 2 രാജാ. 4:27-37 കൊലോ.3:1-11 സങ്കീ. 16
1 കൊരി.15:1-20 വി.ലൂക്കോ.24:1-12 വി.യോഹ.20:1-18

19 ഞായർ പുതുഞായർ: കർത്താവ് തോമസ് അപ്പൊസ്തലനു
ക്രി.കീ. 358 പ്രത്യക്ഷമാകുന്നു: വിശ്വാസത്തിന്റെ ദൃഢത
(ഉയിർപ്പിനുശേഷം 1-ാം ഞായർ)
പുറ.3:1-15 2 തിമൊ.2:1-13 സങ്കീ.48
അ.പ്ര.9:1-18 വി.യോഹ.20:19-29 എബ്രാ.6:9-20

26 ഞായർ അനുരഞ്ജനത്തിന്റെ കൂട്ടായ്മയിൽ നടക്കുക
ക്രി.കീ. 166 (ഉയിർപ്പിനുശേഷം 2-ാം ഞായർ)
യെഹ.36:26-38 ഫിലി.1:12-25 സങ്കീ.27
2 തെസ്സ. 2:13-3:13 വി.യോഹ.21:1-14 വി.മത്താ. 28:16-20

## മെയ്

1 വെള്ളി മെയ്ദിനം
ഉല്പ.1:26-2:3 യാക്കോ.5:1-6
2 തെസ്സ.3:6-15 വി.മത്താ.11:25-30

3 ഞായർ അടിസ്ഥാന ആവശ്യങ്ങളോടുള്ള പ്രതികരണം
ക്രി.കീ. 365 ഉയിർപ്പിനുശേഷം 3-ാം ഞായർ (മെത്രോപ്പോലീറ്റൻ ഫണ്ട്)
പുറ.16:1-20 2 കൊരി.8:1-10 സങ്കീ.80
അപ്ര. 4:32-37 വി.ലൂക്കോ.10:25-37 യാക്കോ. 1:19-27

8 വെള്ളി മാർ യോഹന്നാൻ ശ്ലീഹാനാൾ

10 ഞായർ സംഗതമായ സഭാദൗത്യം (ഉയിർപ്പിനുശേഷം 4-ാം ഞായർ)
ക്രി.കീ. 408 1 ദിന.16:1-15 എഫെ.4:11-16 സങ്കീ.84
അ.പ്ര.11:19-30 വി.മത്താ.5:13-20 വെളി.1:1-8

17 ഞായർ പ്രതിസന്ധികളിൽ കൂടെയിരിക്കുന്ന കർത്താവ്
ക്രി.കീ. 281 (ഉയി. ശേഷം 5-ാം ഞായർ)
യോശു.1:1-10 1 തെസ്സ.1:1-12 ദാനി. 4:14-27
2 കൊരി.4:7-18 വി.മത്താ.28:16-20 1 പത്രൊ.4:12-19

21 വ്യാഴം നമ്മുടെ കർത്താവിന്റെ സ്വർഗ്ഗാരോഹണം
ക്രി.കീ. 160 (Ascension of our Lord) ഉയി. ശേഷം 40-ാം ദിവസം
ദാനി.7:9-14 എഫെ.4:1-10
അ.പ്ര.1:1-11 വി.ലൂക്കോ.24:44-53

24 ഞായർ കർത്താവിനു സ്തുതി പാടുക - ദിവ്യ സംഗീത ഞായർ
ക്രി.കീ. 85 (ഉയി. ശേഷം 6-ാം ഞായർ)
യെശ.6:1-8 എഫെ. 5:15-21 സങ്കീ. 150
കൊലൊ.3:12-17 വി.ലൂക്കോ.2:34-39 വെളി.4:1-13

31 ഞായർ പെന്തിക്കുസ്തി: സകലത്തെയും പുതുക്കുന്ന
ക്രി.കീ. 189 പരിശുദ്ധാത്മാവ് (ഉയി. ശേഷം 50-ാം ദിവസം)
യെശ.61:1-11 1 കൊരി.12:1-12 ഉല്പ.1:1-13
അ.പ്ര.2:1-13 വി.യോഹ.16:5-14 ഗലാ.5:16-26

## ജൂൺ

7 ഞായർ വിദ്യാർത്ഥിഞായർ: വിദ്യാഭ്യാസം - യഥാർത്ഥ
ക്രി.കീ. 203 ജ്ഞാനത്തിനായുള്ള അന്വേഷണം
പട്ടക്കാരുടെ ചികിത്സാ സഹായനിധി
(പെന്തി. ശേഷം 1-ാം ഞായർ)
1 രാജാ.3:5-14 ഫിലി.4:4-9 സദൃ.2:1-12
യാക്കോ.1:1-8 വി. മത്താ.7:24-29 വി.ലൂക്കോ.2:41-52

14 ഞായർ സൃഷ്ടിയുടെ സമഗ്രത: ദൈവിക പദ്ധതി (പരിസ്ഥിതി ഞായർ)
ക്രി.കീ. 75 (പെന്തി. ശേഷം 2-ാം ഞായർ)
ലേവ്യ.25:8-24 റോമ.8:18-27 സങ്കീ.19
വെളി.22:1-7 വി.യോഹ.15:1-15 വി.യോഹ.1:1-14

16 ചൊവ്വ ശ്ലീഹന്മാരുടെ വിളിയും നിയോഗവും
ദാനി.6:1-28 1 കൊരി.12:27-13:10
എബ്രാ.10:32-39 വി.ലൂക്കോ.12:1-11

21 ഞായർ ക്രൈസ്തവ ആദ്ധ്യാത്മികത നേരിടുന്ന വെല്ലുവിളികൾ
ക്രി.കീ. 239 (പെന്തി. ശേഷം 3-ാം ഞായർ)
1 രാജാ.21:1-21 യൂദാ.3-16 സങ്കീ.53
അ.പ്ര.8:14-24 വി.ലൂക്കോ.12:13-21 റോമ.12:1-21

28 ഞായർ വി.പൗലോസ് അപ്പൊസ്തലന്റെ മാനസാന്തരത്തിന്റെ
ക്രി.കീ. 351 രണ്ടാം സഹസ്രാബ്ദ ജൂബിലി – "ഭവിച്ചതൊക്കെയും സുവിശേഷത്തിന്റെ അഭിവൃത്തിക്ക്"
(പെന്തി. ശേഷം 4–ാം ഞായർ)
പുറ.3:1–14 ഫിലി.1:12–26
അ.പ്ര.9:1–17 വി.മത്താ.10:16–23

29 തിങ്കൾ പത്രൊസ്, പൗലോസ് ശ്ലീഹന്മാരുടെ നാൾ
യിരെ.16:16–21 2 പത്രൊ.3:14–18
ഗലാ.2:1–10 വി.മത്താ.16:13–20

## ജൂലൈ

3 വെള്ളി മാർത്തോമ്മാ ശ്ലീഹാനാൾ
ക്രി.കീ. 25 യെശ.52:7–15 2 തിമൊ.3:10–17
1 തെസ്സ.1:2–9 വി.യോഹ.20:24–29

5 ഞായർ കാര്യവിചാരകത്വം – വിഭവങ്ങളുടെ ശരിയായ വിനിയോഗം:
ക്രി.കീ. 302 ദശാംശ സമർപ്പണം (പെന്തി. ശേഷം 5–ാം ഞായർ)
2 രാജാ.12:1–16 ഫിലി. 4:10–20 പുറ.39:32–43
അ.പ്ര.5:1–11 വി.ലൂക്കോ. 19:11–27 2 കൊരി.8:1–9

12 ഞായർ ദൈവശാസ്ത്ര അഭ്യസന ഞായർ ദൈവജനത്തിന്റെ
ക്രി.കീ. 380 വിശ്വാസ പരിപോഷണം (പെന്തി. ശേഷം 6–ാം ഞായർ)
ആമോ.7:10–17 എഫെ.4:7–13 യിരെ.1:4–10
1 തിമോ.4:6–16 വി.മർക്കൊ.6:30–44 തീത്തോ.2:1–8

19 ഞായർ പട്ടത്വ ശുശ്രൂഷ: ദൈവിക വിളിയും തെരഞ്ഞെടുപ്പും
ക്രി.കീ. 301 (പെന്തി. ശേഷം 7–ാം ഞായർ)
യെഹ.33:1–9 2 തിമൊ.4:1–8 യിരെ. 1:1–10
1 പത്രൊ.5:1–11 വി.യോഹ. 21:15–19 ഗലാ.1:11–24

25 ശനി മാർ യാക്കോബ് ശ്ലീഹായുടെ നാൾ

26 ഞായർ സ്നാപനവും മാനസാന്തരവും മതബഹുലസമൂഹത്തിൽ
ക്രി.കീ. 242 (പെന്തി. ശേഷം 8–ാം ഞായർ)
2 രാജാ.5:1–19 1 പത്രൊ.2:1–10 സങ്കീ.51
അ.പ്ര.10:34–48 വി.യോഹ.3:1–8 1 കൊരി.9:10–23

## ആഗസ്റ്റ്

2 ഞായർ ആത്മാവിന്റെ വരങ്ങളും ദൗത്യവും – മിഷൻ സണ്ടേ
ക്രി.കീ. 195 (പെന്തി. ശേഷം 9–ാം ഞായർ)
2 രാജാ.2:1–18 ഗലാ.5:16–24 സങ്കീ. 8:1–9
1 കൊരി.12:1–13 വി.യോഹ.15:12–27 വി.യോഹ. 13:1–17

6 വ്യാഴം മറുരൂപപ്പെരുനാൾ (Transfiguration)
ക്രി.കീ. 39 പുറ. 24:12–18 1 പത്രൊ. 1:16–21
എബ്രാ. 12:18–29 വി.ലൂക്കോ.9:28–36

9 ഞായർ ആഗോളീകരണത്തോടുള്ള ക്രിസ്തീയ പ്രതികരണം
ക്രി.കീ. 247 (പെന്തി. ശേഷം 10–ാം ഞായർ)
ദാനി.3:1–18 യാക്കോ.5:1–6 സങ്കീ.67
വെളി.21:22–27 വി.ലൂക്കോ.6:20–31 2 തെസ്സ.3:6–15

15 ശനി സ്വാതന്ത്ര്യദിനം – ജനതകളുടെ സഹവർത്തിത്വം
ക്രി.കീ. 425 ഉല്പ.11:1–9 ഗലാ.5:1–5
2 തിമൊ.2:14–26 വി.മത്താ.5:38–48

16 ഞായർ കുമ്പസാരം എന്ന കൂദാശ
ക്രി.കീ. 246 (പെന്തി. ശേഷം 11–ാം ഞായർ)
യോവേ.2:11–17 1 യോഹ.1:1–10 സങ്കീ.51
വെളി.31:1–6 വി.മത്താ.3:1–11 റോമ.12:1–15

23 ഞായർ നവീകരണദിനം – നവീകരണം: വിശ്വാസത്തിന്റെ
ക്രി.കീ. 267 പുനരുദ്ദീപിപ്പിക്കലും പുതുക്കവും
(പെന്തി. ശേഷം 12–ാം ഞായർ)
ഉല്പ.26:12–25 2 തിമൊ.3:10–17 സങ്കീ.36
വെളി.3:14–22 വി.മത്താ.23:1–12 വി.യോഹ.2:12–22

30 ഞായർ പൊതു മാനവികതയും വിശ്വാസത്തിന്റെ പങ്കിടലും
ക്രി.കീ. 101 (പെന്തി. ശേഷം 13–ാം ഞായർ)
യോന.4:1–11 റോമ.14:1–14 സങ്കീ.150
അ.പ്ര.17:16–34 വി.യോഹ.12:20–32 വി.യോഹ.4:19–26

## സെപ്തംബർ

6 ഞായർ വിദ്യാഭ്യാസഞായർ: ശ്രേഷ്ഠഗുരുവായ യേശു
ക്രി.കീ. 214 (പെന്തി. ശേഷം 14–ാം ഞായർ)
സദൃ.4:1–19 കൊലോ.1:24–29 സങ്കീ.111
അ.പ്ര.22:1–15 വി.ലൂക്കോ.4:31–44 യാക്കോ.3:13–18

13 ഞായർ സേവികാ സംഘദിനം:
ക്രി.കീ. 231 സ്ത്രീകൾ ദൈവരാജ്യ ശുശ്രൂഷയിൽ
(പെന്തി. ശേഷം 15-ാം ഞായർ)

| | | |
|---|---|---|
| 1 ശമു. 1:1-28 | ഗലാ.3:23-29 | എസ്ഥേർ 7:1-10 |
| അ.പ്ര.16:11-15 | വി.മർക്കോ.15:37-47 | ഫിലി. 4:1-7 |

20 ഞായർ ദൈവജനത്തിന്റെ രാഷ്ട്രീയ ഉത്തരവാദിത്വം
ക്രി.കീ. 283 (പെന്തി. ശേഷം 16-ാം ഞായർ)

| | | |
|---|---|---|
| യെശ.49:1-13 | 1 പത്രൊ.4:12-19 | സങ്കീ.105:1-11 |
| അ.പ്ര.24:10-27 | വി.മത്താ.13:31-43 | വി. മത്താ.27:11-23 |

21 തിങ്കൾ മാർ മത്തായി ശ്ലീഹാ നാൾ

27 ഞായർ വയോജനദിനം (Senior Citizens Day): മുതിർന്ന തലമുറ-
ക്രി.കീ. 171 വിജ്ഞാനവും അനുഭവവും ഇളം തലമുറ ് പങ്കിടുന്നവർ,
ദക്ഷിണേന്ത്യ സഭാ സ്ഥാപനദിനം
(പെന്തി. ശേഷം 17-ാം ഞായർ)

| | | |
|---|---|---|
| യോശുവ.23:1-6 | 1 യോഹ.3:1-10 | സങ്കീ. 71 |
| 1 തിമൊ. 5:1-10 | വി.ലൂക്കൊ.2:25-38 | എഫേ.6:1-4 |

## ഒക്ടോബർ

4 ഞായർ സന്നദ്ധസുവിശേഷക സംഘദിനം:
ക്രി.കീ. 383 പ്രാദേശിക ഇടവകയെ ദൗത്യത്തിനായി സജ്ജമാക്കുക
(പെന്തി. ശേഷം 18-ാം ഞായർ)

| | | |
|---|---|---|
| നെഹ.2:11-18 | എഫെ.4:11-16 | സങ്കീ.150 |
| 2 തിമൊ.4:1-18 | വി.മത്താ.5:13-16 | വി. മർക്കോ.5:1-20 |

11 ഞായർ വികലാംഗഞായർ: വൈവിധ്യ സാധ്യതകൾ ഏറിയവർ
ക്രി.കീ. 403 (പെന്തി. ശേഷം 19-ാം ഞായർ)

| | | |
|---|---|---|
| 2 ശമു. 9:1-13 | അ.പ്ര. 3:1-10 | സദൃ. 14:13-21 |
| എബ്രാ. 12:12-17 | വി.മത്താ.15:29-31 | അ.പ്ര. 9:32-42 |

18 ഞായർ യുവജന ഞായർ: അർത്ഥവത്തായ യൗവ്വനം
ക്രി.കീ. 182 (പെന്തി. ശേഷം 20-ാം ഞായർ)

| | | |
|---|---|---|
| സഭാ.11:9-12:8 | 1 തിമൊ.4:6-16 | സങ്കീ.119:9-16 |
| എബ്രാ.12:1-11 | വി.മത്താ.6:24-34 | 2 തിമൊ.2:1-13 |

25 ഞായർ ക്രിസ്തീയ കുടുംബദിനം: -സ്നേഹവും ഊഷ്മളതയും
ക്രി.കീ. 387 കുടുംബത്തിൽ (പെന്തി. ശേഷം 21-ാം ഞായർ)

| | | |
|---|---|---|
| ഉല്പ.27:1-29 | 2 തിമൊ.1:3-14 | യോശു.24:14-22 |
| 1 യോഹ.2:7-17 | വി.ലൂക്കോ.15:11-32 | സങ്കീ.127 |

## നവംബർ

1 ഞായർ കൂദോശ് ഈത്തോ-സഭാശുദ്ധീകരണം-സഭാ
ക്രി.കീ. 25 സംവത്സരത്തിന്റെ ആരംഭം-സകല പരിശുദ്ധരുടെയും നാൾ
(All Saints Day) ലോക സണ്ടേസ്കൂൾ ദിനം
ക്രിസ്തീയ വിദ്യാഭ്യാസം ജ്ഞാനത്തിലും കൃപയിലും വളരുവാൻ

| | | |
|---|---|---|
| ആവ.6:1-9 | റോമ. 12:1-11 | സദൃ.23:15-26 |
| എഫെ.5:1-10 | വി.ലൂക്കോ.2:42-52 | വി.യോഹ.6:1-14 |

8 ഞായർ ഹൂദോസ് ഈത്തോ - സഭയുടെ പുതുക്കം
ക്രി.കീ. 213 സി. എസ്. ഐ, സി. എൻ. ഐ, മാർത്തോമ്മാ
സഭകളുടെ ഐക്യ ആഘോഷദിനം
(Festival of Unity) "ദൗത്യത്തിനായുള്ള ഐക്യം"
(ക്രിസ്തുമസ്സിനു മുൻപ് 7-ാം ഞായർ)

| | | |
|---|---|---|
| മീഖ.6:1-8 | 2 കൊരി.4:7-15 | സങ്കീ.95 |
| എഫെ.2:11-22 | വി.ലൂക്കോ.10:1-9 | 1 കൊരി.1:1-10 |

14 ശനി ശിശുദിനം

15 ഞായർ സെഖരിയാവിനോടുള്ള അറിയിപ്പ്: കർത്താവിന്റെ
ക്രി.കീ. 39 ആഗമനത്തിനായുള്ള ഒരുക്കം
(ക്രിസ്തുമസ്സിനു മുൻപ് 6-ാം ഞായർ)

| | | |
|---|---|---|
| 1 ദിന. 24:1-19 | എബ്രാ. 5:1-10 | ഉല്പ.17:5-22 |
| വെളി. 8:1-8 | വി.ലൂക്കോ. 1:5-23 | സങ്കീ.108 |

22 ഞായർ കന്യകമറിയാമ്മിനോടുള്ള അറിയിപ്പ്:
ക്രി.കീ. 227 ദൈവരാജ്യത്തിനുവേണ്ടി വെല്ലുവിളി അഭിമുഖീകരിക്കുന്നവർ
(ക്രിസ്തുമസ്സിനു മുൻപ് 5-ാം ഞായർ)

| | | |
|---|---|---|
| സെഖ.2:10-13 | എഫെ.1:3-14 | ഉല്പ.2:8-25 |
| ഗലാ.4:21-31 | വി.ലൂക്കോ.1:26-38 | സങ്കീ. 108 |

29 ഞായർ എലിസബേത്തിന്റെ അടുക്കലേക്കുള്ള കന്യകമറിയാമ്മിന്റെ യാത്ര
ക്രി.കീ. 107 സുവാർത്തയുടെ ആഘോഷം
ഉത്തരേന്ത്യ സഭയുടെ സ്ഥാപകദിനം
(ക്രിസ്തുമസ്സിനു മുൻപ് 4-ാം ഞായർ)
ഉല്പ.18:1-16 1 യോഹ.5:13-20 സങ്കീ. 146
എബ്രാ.2:1-10 വി.ലൂക്കോ. 1:39-45 1 പത്രൊ. 1:8-12

30 തിങ്കൾ മാർ അന്ത്രയോസ് ശ്ലീഹാ നാൾ

## ഡിസംബർ

1 ചൊവ്വ ഇരുപത്തിയഞ്ച് നോമ്പ് ആരംഭം
യെശ.2:10-22 ഗലാ.4:12-20
1 തെസ്സ.4:1-12 വി.യോഹ.1:1-15

6 ഞായർ യോഹന്നാൻ സ്നാപകന്റെ ജനനം (വേദപുസ്തക ദിനം)
ക്രി.കീ. 202 ദൈവവചനം ലോകത്തിനു പ്രകാശം
(ക്രിസ്തുമസ്സിനു മുൻപ് 3-ാം ഞായർ)
ഉല്പ. 1:1-24 1 യോഹ.1:1-10 സങ്കീ. 119:105-112
2 തിമൊ.3:10-17 വി.ലൂക്കോ.1:57-66 റോമ.15:1-6

13 ഞായർ യോസഫിനോടുള്ള അറിയിപ്പ്
ക്രി.കീ. 123 രക്ഷാപദ്ധതിയിൽ പങ്കുചേരാനുള്ള ആഹ്വാനം
(ക്രിസ്തുമസ്സിനു മുൻപ് 2-ാം ഞായർ)
യെശ.40:1-11 ഫിലി.4:4-9 റോമ.1:1-6
വെളി.2:12-17 വി.മത്താ.1:18-23 വി.ലൂക്കോ. 1:68-79

20 ഞായർ ക്രിസ്തുമസ്സിനു മുൻപുള്ള ഞായർ
ക്രി.കീ. 129 യെശ.11:1-10 റോമ.1:8-16 യെശ.35:1-10
1 യോഹ.5:1-12 വി.യോഹ.1:1-14 എബ്രാ.9:11-28

21 തിങ്കൾ മാർത്തോമ്മാ സഭാദിനം (Mar Thoma Church Day)
ക്രി.കീ. 224 യിരെ.23:1-8 2 കൊരി.6:14-17
വെളി.22:6-21 വി.യോഹ.14:1-14

25 വെള്ളി 'യൽദോ': ജനനപെരുനാൾ - കൃപയുടെയും
ക്രി.കീ. 128 സത്യത്തിന്റെയും ആഘോഷം (ഇരുപത്തിയഞ്ചു നോമ്പു വീടൽ)
മീഖ.5:1-9 1 തിമൊ.1:140-17 യെശ. 11:1-9
കൊലോ.1:15-20 വി.ലൂക്കോ.2:1-20 1 യോഹ.3:1-12

27 ഞായർ ദരിദ്രരോടുള്ള സഭയുടെ ഐക്യദാർഢ്യം
ക്രി.കീ. 168 ആമോ.8:1-7 അ.പ്ര.4:32-37 സങ്കീ.9
2 കൊരി.9:6-15 വി.ലൂക്കോ.4:16-21 വി.മത്താ.5:1-12

31 വ്യാഴം വർഷാവസാനം:
ക്രി.കീ. 419 ദൈവം നമ്മുടെ സഹായകനും വീണ്ടെടുപ്പുകാരനും
യെശ.55:6-13 2 കൊരി.13:5-14
എബ്രാ. 13:7-21 വി.യോഹ.12:35-36

## പ്രത്യേക സന്ദർഭങ്ങളിൽ ഉപയോഗിക്കുന്നതിനുള്ള വേദഭാഗങ്ങൾ

## പാഠങ്ങൾ

1. വിദ്യാലയ വർഷാരംഭം സ്തോത്രശുശ്രൂഷ
ആവ. 6:1-9
1 യോഹ. 2:1-16 വി.ലൂക്കോ. 2:42-52

2. സി.എസ്.ഐ-സി.എൻ.ഐ-മാർത്തോമ്മാ ഐക്യ പ്രാർത്ഥനാദിനം
ആവ. 30:1-10 എഫെ. 2:11-23
റോമ. 12:3-12 വി.യോഹ. 17:20-26

3. ഇടവകദിനം
യെശ. 60 അ.പ്ര.17:10-17
ഫിലി. 2:1-18 വി.ലൂക്കോ. 13:1-9

4. ഭദ്രാസനദിനം
യോശു. 1 2 കൊരി. 5:11-19
ഫിലി. 3:1-16 വി.യോഹ. 15:1-13

5. വർഷാവസാനം - Year ending - watch Night ഡിസംബർ 31
1 ശമു 7:5-17 1 തെസ്സ 5:1-11
എബ്രാ. 2 വി.ലൂക്കോ. 13:1-19

6. ആദ്യഫലശേഖരം
ആവ. 26:1-11 ഫിലി. 4:10-20
2 കൊരി. 9:1-9 വി.മത്താ. 25:34-46

7. ഗായകസംഘദിനം
1 ശമു. 21:10-22:5 കൊലെ. 3:10-17
അ.പ്ര. 16:19-34 വി.മത്താ. 6:16-25

8. വയോജനങ്ങൾക്കുള്ള ആരാധന
ഉല്പ. 32:22-32 റോമ. 3:26-30
2 തിമോ. 4:1-8 വി. മത്താ. 6:16-25

9. ജന്മദിനം
ഉല്പ. 47:1-10 സങ്കീ. 103:1-12
വി.മത്താ. 6:19-44

10. വിവാഹ വാർഷികം
യോഹ. 2:1-11 വി.ലൂക്കോ. 24:27-49
മത്താ. 19:5-12
എഫെ. 5:22-23 വി.ലൂക്കോ. 1:5-6; 24-45

11. യാത്ര
സങ്കീ. 121, 141, 144 വി.മർക്കോ. 6:7-13

12. അധൈര്യം, തോൽവി
സങ്കീ. 23, 40, 73. റോമർ 8

13. രോഗം, വേദന
സങ്കീ. 5, 32, 33, 51, 91, 102, 129, 142

14. അനുതാപത്തിന്റെ സങ്കീർത്തനങ്ങൾ
സങ്കീ. 6, 38, 51, 102, 130, 142, 143

15. കഠിന നഷ്ടമോ, സങ്കടമോ വരുമ്പോൾ
റോമ. 8 2 തിമൊ. 3

16. സന്തോഷം, വിജയം
സങ്കീ. 103, 106 വി. ലൂക്കോ. 15

17. പുതിയ ചുമതല ഏല്ക്കുമ്പോൾ
യോശു. 1, പുറ. 3:1-16
എബ്രാ.12:1-13 വി.മത്താ.5:1-14

18. പ്രിയപ്പെട്ടവരുടെ മരണം ഉണ്ടാകുമ്പോൾ
ഉല്പ. 50, സങ്കീ. 90, 91, യെശ. 40 വി.മത്താ. 25
യോഹ. 11, 14, 15, 16
റോമ. 5, 1 കൊരി. 15, 2 കൊരി. 5:1-10
1 തെസ്സ. 4:13-18, 5:1-22, എബ്രാ. 11, 12
കൊലൊ. 3:1-10, വെളി. 21:1-7

19. പട്ടംകൊട ശുശ്രൂഷ
ഉല്പ. 12:1-8വിലാ. 3:28-32
അ.പ്ര. 2:16-21 1 തിമൊ. 3:8-16
വി.യോഹ. 12:24-36, 14:1-13

20. ദേവാലയത്തിന്റെ കല്ലിടീൽ
ഉല്പ. 28:10-22 1 പത്രൊ. 2:1-10
എഫെ. 2:11-22

20. ദേവാലയത്തിന്റെ പ്രതിഷ്ഠ
1 രാജാ. 8:22-32 എബ്രാ. 8:1-9
അ.പ്ര. 7:44-54 വി.ലൂക്കോ. 6:46-49

## പ്രത്യേക സ്തോത്രകാഴ്ചകൾ

| | | |
|---|---|---|
| 1. | ബാഹ്യകേരളമിഷൻ | ജനുവരി 4 |
| 2. | മെഡിക്കൽ മിഷൻ | ഫെബ്രവരി 1 |
| 3. | വൈദിക സെമിനാരി (ഹോശാന ഞായർ) | ഏപ്രിൽ 5 |
| 4. | ഭൂഭവനദാന പ്രസ്ഥാനം | മെയ് 3 |
| 5. | ദിവ്യസംഗീത സംവേദന വിഭാഗ ദിനം | മെയ് 24 |
| 6. | പട്ടക്കാരുടെ ചികിത്സാസഹായ നിധി | ജൂൺ 7 |
| 7. | വികസന ഫണ്ട് - ദശാംശ വിഹിതം | ജൂലൈ 5 |
| 8. | മിഷൻ സണ്ടേ | ആഗസ്റ്റ് 2 |
| 9. | വിദ്യാഭ്യാസ ദിനം | സെപ്റ്റംബർ 6 |
| 10. | സന്നദ്ധ സുവിശേഷക സംഘം | ഒക്ടോബർ 4 |
| 11. | യുവജന സഖ്യം | ഒക്ടോബർ 18 |
| 12. | സണ്ടേസ്കൂൾ | നവംബർ 1 |
| 13. | വേദപുസ്തക സമൂഹം | ഡിസംബർ 6 |